(ജി) മുടക്കുന്ന മുഴുവൻ മുതൽ അനുയോജ്യമായ പലിശയും ലാഭവും ചേർത്ത് തിരിച്ചുപിടിക്കുമെന്ന് വ്യവസ്ഥയുള്ള ബൂം (BOOM) കരാർ വെച്ചിട്ടുള്ള ഈ സ്ഥാപനത്തിന് 40 ലക്ഷം രൂപ നൽകിയത് ക്രമവിരുദ്ധമാണെന്ന സി. ആന്റ് എ. ജി. യുടെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) — (സി) ഉണ്ട്. തിരുവനന്തപുരം നഗരസഭ ഖരമാലിന്യ സംസ്കരണത്തിനായി വിളപ്പിൽശാലയിൽ ആധുനിക രീതിയിലുള്ള ജൈവവള നിർമ്മാണഫാക്ടറി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഫലമായി തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെ മുഴുവൻ ഖരമാലിന്യങ്ങളും സംസ്കരിക്കുവാൻ കഴിയുന്നുണ്ട്. എ. ഡി. ബി. സംവിധാനത്തോടെ സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള സുസ്ഥിര വികസന പദ്ധതിയിൽ ഖരമാലിന്യ നിർമ്മാർജ്ജനവും ഉൾപ്പെടുന്നു. ഇതിന്റെ അന്തിമതീരുമാനമായിട്ടില്ല.

(ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 40 ലക്ഷം രൂപ.

(ജി) ഉണ്ട്. തിരുവനന്തപുരം നഗരസഭ മെ. പോബ്സ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിലേക്ക് നഗരസഭയും മെ. പോബ്സും ഒരു എഗ്രിമെന്റിൽ ഏർപ്പെടുകയും അതിലെ ഒരു വ്യവസ്ഥ അനുസരിച്ചാണ് മേൽനടപടി സ്വീകരിച്ചത്. അഗ്രികൾച്ചറൽ ഡയറക്ടറുമായി തിരുവനന്തപുരം നഗരസഭ 16-2-2004-ൽ വെച്ച എഗ്രിമെന്റ് അനുസരിച്ചാണ് മെ. പോബ്സിന് തുക നൽകിയിട്ടുള്ളത്.

തലസ്ഥാന നഗരിയിൽ തെരുവ് നായ്ക്കളുടെ ശല്യത്തിന് പരിഹാരം

228 [3200] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് നഗരസഭ പരിഹാരം ഉണ്ടാക്കുമെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പേപ്പട്ടിവിഷ ചികിത്സയ്ക്കുള്ള മരുന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് ചികിത്സാ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭ നടപടികൾ സ്വീകരിച്ചുവരുന്നു. എ. ബി. സി. പ്രോഗ്രാം 2005 ജൂൺമാസം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ടി പ്രോഗ്രാം പ്രകാരം പിടിക്കുന്ന പട്ടികളിൽ, ഗുരുതരമായി മുറിവേറ്റവയേയും കലശലായ രോഗാവസ്ഥയിലുള്ളവയേയും വൈറ്ററിനറി ഡോക്ടർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം ദയാവധത്തിന് വിധേയമാക്കുന്നുണ്ട്.

(സി) പേപ്പട്ടി വിഷബാധയ്ക്കെതിരായുള്ള കുത്തിവയ്പ് ബ്ലോക്ക്, പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജാശുപത്രികൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. പേപ്പട്ടി വിഷബാധയ്ക്ക് എതിരായുള്ള വാക്സിൻ ഓരോ ജില്ലകളിൽനിന്നും ലഭിക്കുന്ന വാർഷിക ആവശ്യകതാപട്ടിക അനുസരിച്ച് വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കാൻ നടപടി

229 [3201] *ശ്രീ. സി. പി. മുഹമ്മദ്:*
" വി. ഡി. സതീശൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
" ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളിൽ നിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് സുരക്ഷിതത്വം നൽകാൻ ആർക്കാണ് ബാദ്ധ്യതയുള്ളത്;

(ബി) ഇത്തരം നായ്ക്കളിൽ പലതും പേപ്പട്ടികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തെരുവ് നായ്ക്കളുടെ കടിയേറ്റ് തിരുവനന്തപുരം നഗരത്തിൽ ഈ വർഷം ഇതുവരെ എത്ര പേരെ പേവിഷചികിത്സയ്ക്ക് വിധേയമാക്കിയിട്ടുണ്ട്;

(ഡി) തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യാനുള്ള ഏർപ്പാടുകൾ തിരുവനന്തപുരം നഗരസഭ ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) ഈ വർഷം ഇതുവരെ തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ എത്ര തെരുവ് നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly